കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല- വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്- മയ്യണ്ണൂർ അംഗൻവാടി സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് വക സ്ഥലവും സ്വകാര്യ വ്യക്തിയുടെ സ്ഥലവും പരസ്പരം കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1301/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 9-5-2012

**പരാമർശം :-**

1. വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 11-5-2009 -ലെ 11-ാം നമ്പർ തീരുമാനം.
2. വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 2-6-2009-ലെ എ2-4339/08 നമ്പർ കത്ത്
3. പഞ്ചായത്ത് ഡയറക്ടറുടെ 24-3-11-ലെ സി2-7449/11 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വില്യാപ്പള്ളി വില്ലേജ് റീ. സർവ്വേ 99/13-ൽപ്പെട്ട രണ്ട് ആർ സ്ഥലവും പ്രസ്തുത സ്ഥലത്ത് പ്രവർത്തിക്കുന്ന 115-ാം നമ്പർ മയ്യണ്ണൂർ അംഗൻവാടി കെട്ടിടവും ശ്രീമതി. ശാരദ മുതൽപേരുടെ ഉടമസ്ഥതയിലുള്ള വില്യാപ്പള്ളി വില്ലേജ് റീ സർവേ 99/13-ൽപ്പെട്ട രണ്ട് ആർ സ്ഥലവും തമ്മിൽ പരസ്പരം കൈമാറുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാരനുമതിക്ക് അപേക്ഷിക്കുകയും ചെയ്തിരുന്നു. പരസ്പരം കൈമാറ്റത്തിന് അനുകൂലമായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കക്ഷികൾ പഞ്ചായത്തുമായി ഉണ്ടാക്കിയ 25-2-2009-ലെ കരാർ ഉടമ്പടി പാലിച്ചുകൊണ്ടും താഴെപ്പറയുന്ന വ്യവസ്ഥകളോടെയും വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വില്യാപ്പള്ളി വില്ലേജ് റീ. സർവ്വേ 99/13-ൽപ്പെട്ട രണ്ട് ആർ സ്ഥലവും അതിൽ പ്രവർത്തിക്കുന്ന 115-ാം നമ്പർ മയ്യണ്ണൂർ അംഗൻവാടി കെട്ടിടവും ശ്രീമതി. ശാരദ മുതൽപേരുടെ അതേ സർവേ നമ്പരിലുള്ള രണ്ട് ആർ സ്ഥലവും പരസ്പരം കൈമാറുന്നതിന് വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പുതിയതായി നിർമ്മിക്കുന്ന അംഗൻവാടി കെട്ടിടത്തിന് ഇപ്പോഴുള്ള കെട്ടിടത്തിന്റെ നിലവാരമുണ്ടെന്ന് പഞ്ചായത്ത് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
2. വസ്തു കൈമാറ്റത്തിന് വേണ്ടി വരുന്ന ചിലവുകൾ ശ്രീമതി. ശാരദ മുതൽപേർ വഹിക്കേണ്ടതാണ്.
3. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെയും സ്വകാര്യ ഭൂമിയുടേയും വിലയിലുള്ള വ്യത്യാസം ശ്രീമതി. ശാരദ മുതൽപേർ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്, വില്യാപ്പള്ളി പി.ഒ, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.